ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:15-07-2024**

## പ്രധാനവാർത്തകൾ

**1. സംസ്ഥാനത്തിന്റെ ധനകാര്യ മേഖലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ കേന്ദ്രത്തിന് സംയുക്തമായി നിവേദനം നൽകാൻ മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന എംപിമാരുടെ യോഗത്തിൽ തീരുമാനം.**

**2. കേന്ദ്ര മന്ത്രി രാജീവ് രഞ്ജൻ സിങ്, സഹമന്ത്രി ജോർജ് കുര്യൻ എന്നിവരുമായി മന്ത്രി ജെ. ചിഞ്ചുറാണി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. കേരളത്തിലെ മൃഗസംരക്ഷണ മേഖല നേരിടുന്ന വിഷയങ്ങൾ കൂടിക്കാഴ്ചയിൽ ഉന്നയിച്ചു.**

**3. ബംഗാൾ ഉൾക്കടലിൽ ന്യൂനമർദ്ദം രൂപപ്പെട്ട സാഹചര്യത്തിൽ സംസ്ഥാനത്ത് വ്യാപകമഴ തുടരും. മലപ്പുറം, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ചുവപ്പ് ജാഗ്രത.**

**4. ആമയിഴഞ്ചാൻ തോട് വൃത്തിയാക്കുന്നതിനിടെ ശുചീകരണ തൊഴിലാളി ജോയ് മരിക്കാൻ ഇടയായ സാഹചര്യം പരിശോധിക്കുന്നതിന് ഹൈക്കോടതി അമിക്കസ് ക്യൂറിയെ നിയോഗിച്ചു. ജോയിയുടെ സംസ്കാര ചടങ്ങുകൾ മാരായമുട്ടത്തെ വീട്ടുവളപ്പിൽ നടന്നു.**

RNU TVPM

5. തിരുവനന്തപുരം മെഡിക്കൽ കോളേജ് ഒപി ബ്ലോക്കിൽ രോഗി ലിഫ്റ്റിൽ കുടുങ്ങിയ സംഭവത്തിൽ മൂന്ന് ജീവനക്കാർക്ക് സസ്പെൻഷൻ.

***************************************

## എം പി മാരുടെ യോഗം

സംസ്ഥാനത്തിന്റെ ധനകാര്യ മേഖലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ സംയുക്തമായി നിവേദനം നൽകാൻ മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ തിരുവനന്തപുരത്ത് ചേർന്നഎംപിമാരുടെ യോഗം തീരുമാനിച്ചു. പാർലമെൻറ് മൺസൂൺ സമ്മേളനത്തിന് മുന്നോടിയായാണ് മുഖ്യമന്ത്രി തൈക്കാട് ഗസ്റ്റ് ഹൗസിൽ യോഗം വിളിച്ചു ചേർത്തത്. സംസ്ഥാനത്തിന്റെ താൽപര്യം സംരക്ഷിക്കുന്നതിനാവശ്യമായ ഇടപെടൽ കക്ഷി രാഷ്ട്രീയത്തിനതീതമായി സ്വീകരിക്കുമെന്ന് എം പി മാർ മുഖ്യമന്ത്രിയെ അറിയിച്ചു. സംസ്ഥാനത്തിന് കിട്ടേണ്ട വിഹിതം കിട്ടാൻ ഒന്നിച്ചുള്ള ശ്രമങ്ങൾക്ക് തയ്യാറാണെന്ന് കെ സി വേണുഗോപാൽ എംപി പറഞ്ഞു. കേന്ദ്രപദ്ധതികളുടെ സമയ ബന്ധിതമായ പൂർത്തീകരണത്തിനും ഫണ്ട് വിനിയോഗത്തിനും നടപടികൾ സ്വീകരിക്കുമെന്ന് മുഖ്യമന്ത്രി എം പിമാരെ അറിയിച്ചു. അരി വിഹിതത്തിന് പരിധി നിശ്ചയിച്ചതും, അധികമായ വിതരണത്തിന് പിഴ നിശ്ചയിച്ചതുമടക്കമുള്ള കേന്ദ്ര തീരുമാനങ്ങൾ തിരുത്താൻ ഇടപെടണമെന്നും മുഖ്യമന്ത്രി അഭ്യർത്ഥിച്ചു. കോഴിക്കോട് കിനാലൂരിൽ എയിംസ് സ്ഥാപിക്കുന്നതിന് കേന്ദ്രത്തിൽ സമ്മർദം ചെലുത്താനും യോഗം തീരുമാനിച്ചു. മുഖ്യമന്ത്രിക്കും, എംപിമാർക്കും പുറമേ മന്ത്രിമാരായ പി രാജീവ്, എം ബി രാജേഷ്, മുഹമ്മദ് റിയാസ്, വീണ ജോർജ്, കെ കൃഷ്ണൻകുട്ടി, എ കെ ശശീന്ദ്രൻ, രാമചന്ദ്രൻ കടന്നപ്പള്ളി, തുടങ്ങിയവരും യോഗത്തിൽ പങ്കെടുത്തു.

***************************************

RNU TVPM

## മന്ത്രി ജെ ചിഞ്ചുറാണി

കേന്ദ്ര മൃഗസംരക്ഷണ, ക്ഷീരവികസന മന്ത്രി രാജീവ് രഞ്ജൻ സിങ്ങ്, സഹമന്ത്രി ജോർജ് കുര്യൻ എന്നിവരുമായി മന്ത്രി ജെ. ചിഞ്ചുറാണി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. കേരളത്തിലെ മൃഗസംരക്ഷണ മേഖല നേരിട്ടുകൊണ്ടിരിക്കുന്ന വിവിധ വിഷയങ്ങൾ, ക്ഷീര കർഷകർക്ക് ലഭിക്കേണ്ട കേന്ദ്ര സഹായങ്ങൾ, പക്ഷിപ്പനി ഫലപ്രദമായി നേരിടുന്നതിന് കേന്ദ്രസർക്കാരിന്റെ അടിയന്തിര ഇടപെടൽ തുടങ്ങിയ കാര്യങ്ങൾ യോഗത്തിൽ ചർച്ച ചെയ്തു. പക്ഷിപ്പനി ബാധിത മേഖലകളിലെ താറാവുകൾക്കും, കോഴികൾക്കും പ്രതിരോധ കുത്തിവയ്പ്പ് നൽകാൻ കേന്ദ്രത്തിൽ നിന്നും അനുകൂല തീരുമാനമുണ്ടാവണമെന്ന് ശ്രീമതി ചിഞ്ചുറാണി കൂടിക്കാഴ്ചയിൽ ആവശ്യം ഉന്നയിച്ചു. വിഷയം പരിശോധിക്കാമെന്ന് കേന്ദ്രമന്ത്രി ഉറപ്പുനൽകി. രോഗസാധ്യതാ മേഖലയിലെ താറാവ്-കോഴി കർഷകർക്ക് ഉപജീവന പാക്കേജ് അനുവദിക്കണമെന്ന ആവശ്യവും കേന്ദ്രമന്ത്രിമാരെ ധരിപ്പിച്ചു. പക്ഷികളെ കൂട്ടത്തോടെ കൊന്നൊടുക്കുമ്പോൾ നൽകേണ്ട നഷ്ടപരിഹാരത്തിലെ കേന്ദ്ര വിഹിതം അടിയന്തരമായി അനുവദിക്കണമെന്ന ആവശ്യവും ശ്രീമതി ചിഞ്ചുറാണി ഉന്നയിച്ചു.

RNU TVPM

******************************************

## ജോയ് സംസ്കാരം

തിരുവനന്തപുരം ആമയിഴഞ്ചാൻ തോട് വൃത്തിയാക്കുന്നതിനിടെ ഒഴുക്കിൽപ്പെട്ട് മരിച്ച ശുചീകരണ തൊഴിലാളി ജോയിയുടെ മൃതദേഹം മാരായമുട്ടത്തെ വീട്ടുവളപ്പിൽ സംസ്കരിച്ചു. പോസ്റ്റ് മോർട്ടത്തിന് ശേഷമാണ് മൃതദേഹം വീട്ടിൽ എത്തിച്ചത്. ശനിയാഴ്ചയാണ് ജോയിയെ ആമയിഴഞ്ചാൻ തോട്ടിൽ കാണാതായത്. കാണാതായ സ്ഥലത്തിന് ഒരു കിലോമീറ്റർ അകലെ തകരപ്പറമ്പിലെ കനാലിൽ നിന്ന് ഇന്ന് രാവിലെയാണ്

മൃതദേഹം കണ്ടെത്തിയത്. ജോയിക്കായി ദുരന്ത നിവാരണസേനയും, ഫയർഫോഴ്സുമുൾപ്പെടെ വിവിധ വിഭാഗങ്ങൾ ചേർന്ന് 46 മണിക്കൂർ തിരച്ചിൽ നടത്തിയിരുന്നു. മുഖ്യമന്ത്രിയും, പ്രതിപക്ഷനേതാവും ഉൾപ്പെടെയുള്ള പ്രമുഖർ ജോയിയുടെ വിയോഗത്തിൽ അനുശോചനം രേഖപ്പെടുത്തി.

*****************************

## ഹൈക്കോടതി - അമിക്കസ് ക്യൂറി

ജോയിയുടെ മരണത്തിന് ഇടയാക്കിയ സംഭവം പരിശോധിക്കുന്നതിന് അമിക്കസ് ക്യൂറിയെ നിയോഗിച്ച് ഹൈക്കോടതി ഉത്തരവായി. സ്ഥലം സന്ദർശിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കാനും കോടതി നിർദ്ദേശിച്ചു. തിരുവനന്തപുരം കോർപ്പറേഷനും, റെയിൽവേയും തമ്മിൽ പരസ്പരം പഴിചാരാനുള്ള സമയമല്ല ഇതെന്നും കോടതി ചൂണ്ടിക്കാട്ടി. പ്ലാസ്റ്റിക് മാലിന്യങ്ങൾ അഴുക്കുചാലുകളിലേക്ക് വലിച്ചെറിയുന്നത് തടയാൻ കോർപ്പറേഷൻ അടിയന്തരമായി നടപടി സ്വീകരിക്കണമെന്നും, റെയിൽവേയുടെ സ്ഥലത്തുള്ള മാലിന്യങ്ങൾ റെയിൽവേ തന്നെ നീക്കം ചെയ്യണം എന്നും കോടതി നിർദേശിച്ചു.

RNU TVPM

*****************************

## ആമയിഴഞ്ചാൻ തോട്-വി ശിവൻകുട്ടി

തിരുവനന്തപുരം ആമയിഴഞ്ചാൻ തോട് വൃത്തിയാക്കുന്നതിനിടെ ഒഴുക്കിൽപെട്ട ജോയിയുടെ മരണത്തിന് ഉത്തരവാദി റെയിൽവേ ആണെന്ന് ആരോപിച്ച് മന്ത്രി വി ശിവൻകുട്ടി. മാലിന്യത്തിൻറെ പൂർണ്ണ ഉത്തരവാദിത്വം റെയിൽവേക്ക് തന്നെയാണെന്നും, അടിയന്തരമായി തോട് വൃത്തിയാക്കാൻ റെയിൽവെ നടപടിയെടുക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

*****************************

## വി.മുരളീധരൻ ആമയിഴഞ്ചാൻ തോട്

ആമയിഴഞ്ചാൻ തോട് വൃത്തിയാക്കുന്നതിനിടയിൽ തൊഴിലാളി മരിച്ച സംഭവത്തിന്റെ ഉത്തരവാദിത്തത്തിൽ നിന്ന് സർക്കാരിന് ഒഴിഞ്ഞ് മാറാനാകില്ലെന്ന് മുൻകേന്ദ്ര സഹ മന്ത്രി വി. മുരളീധരൻ. ജോയിയുടെ മാരായമുട്ടത്തെ വീട് സന്ദർശിച്ച ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. കുടുംബത്തിന് അർഹമായ നഷ്ട പരിഹാരം നൽകണമെന്നും, മാലിന്യനിർമാർജനം സമയബന്ധിതമായി നടപ്പിക്കാൻ സർക്കാരിന് പദ്ധതികൾ ഉണ്ടാകണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

*****************************

## സസ്പെൻഡ്

തിരുവനന്തപുരം മെഡിക്കൽ കോളേജ് ഒപി ബ്ലോക്കിൽ രോഗി ലിഫ്റ്റിൽ കുടുങ്ങിയ സംഭവത്തിൽ രണ്ട് ലിഫ്റ്റ് ഓപ്പറേറ്റർമാർ, ഡ്യൂട്ടി സാർജൻറ് എന്നിവരെ അന്വേഷണവിധേയമായി സസ്പെൻഡ് ചെയ്തു. അടിയന്തരമായി അന്വേഷിച്ച് നടപടി സ്വീകരിക്കാൻ ആരോഗ്യ മന്ത്രി വീണാ ജോർജ്, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് നിർദേശം നൽകിയിരുന്നു. ശനിയാഴ്ച രാവിലെ ലിഫ്റ്റിൽ കുടുങ്ങിയ തിരുമല സ്വദേശി രവീന്ദ്രൻ നായരെ ഇന്ന് രാവിലെയാണ് കണ്ടെത്തിയത്.

PNU TVPM

*****************************

## പ്രതിപക്ഷ നേതാവ് - ലിഫ്റ്റ്

തിരുവനന്തപുരം മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സയ്ക്കെത്തിയ വയോധികൻ രണ്ടു ദിവസം ലിഫ്റ്റിൽ കുടുങ്ങിക്കിടന്നെന്ന വാർത്ത ഞെട്ടിക്കുന്നതാണെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ. സംഭവത്തിൽ സർക്കാരിനും ആരോഗ്യ മന്ത്രിക്കും ഉത്തരവാദിത്തം ഇല്ലേ എന്നും

പ്രതിപക്ഷനേതാവ് ആരാഞ്ഞു. മാലിന്യ നീക്കം പൂർണമായും നിലച്ച് കേരളം പകർച്ചവ്യാധികളുടെ പിടിയിൽ അകപ്പെട്ടതായും, ആരോഗ്യ മേഖലയിൽ കേരളം കാലങ്ങൾകൊണ്ട് ആർജ്ജിച്ചെടുത്ത നേട്ടങ്ങളെയൊക്കെ ഇല്ലാതാക്കുന്ന സംഭവങ്ങളാണ് നടക്കുന്നതെന്നും അദ്ദേഹം കുറ്റപ്പെടുത്തി.

******************************

## മഴ ജാഗ്രത

ബംഗാൾ ഉൾക്കടലിൽ ന്യൂനമർദ്ദം രൂപപ്പെട്ട സാഹചര്യത്തിൽ സംസ്ഥാനത്ത് വ്യാപകമഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. അതിതീവ്ര മഴയ്ക്ക് സാധ്യതയുള്ളതിനാൽ, മലപ്പുറം, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു. എറണാകുളം, ഇടുക്കി, തൃശൂർ, പാലക്കാട്, കോഴിക്കോട്, വയനാട് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. മറ്റെല്ലാ ജില്ലകളിലും മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നാളെയും ഓറഞ്ച് ജാഗ്രതയാണ്. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ വെള്ളിയാഴ്ച വരെ മത്സ്യബന്ധനത്തിന് പോകരുതെന്നാണ് മുന്നറിയിപ്പ്.

RNC TVPM

******************************

## മഴ ജില്ല

കോഴിക്കോട് ജില്ലയിൽ ശക്തമായ മഴയിൽ മരം വീണ് നിരവധി വീടുകൾ ഭാഗികമായി തകർന്നു .കണ്ണൂർ ജില്ലയിൽ ചുവപ്പു ജാഗ്രത നിർദേശം നിലനിൽക്കുന്നുണ്ടെങ്കിലും ഇന്ന് മഴയുടെ ശക്തി കുറവാണ്. മാനന്തേരി 14-ാം മൈലിൽ രാവിലെ റോഡിന് കുറുകെ മരം വീണു ഗതാഗതം തടസ്സപ്പെട്ടു. കോളയാട് സ്കൂൾ മതിൽ ഇടിഞ്ഞ് വീണു. ജില്ലയിലെ വിവിധ ഭാഗങ്ങളിൽ റോഡുകളിൽ വെള്ളക്കെട്ട് അനുഭവപ്പെടുന്നുണ്ട്.

പുഴകളിലും വെള്ളം നിറഞ്ഞിരിക്കുകയാണ്. കനത്ത കാറ്റിലും മഴയിലും മരം വീണ് എറണാകുളം ജില്ലയിലും മൂന്നു വീടുകൾക്ക് നാശനഷ്ടം സംഭവിച്ചു. ഇടുക്കി ജില്ലയിൽ മഴയുടെ പശ്ചാത്തലത്തിൽ ജില്ലാ കളക്ടർ രാത്രിയാത്രാ നിരോധനം ഏർപ്പെടുത്തി. കല്ലാർകുട്ടി ഡാമിൻറെ ഷട്ടർ തുറന്നതിനാൽ മുതിരപ്പുഴ, പെരിയാർ നദികളിൽ ജലനിരപ്പ് ഉയരും. പാംബ്ല ഡാമിൻറെ ഷട്ടറും ഇന്ന് വൈകുന്നേരം ഏഴ് മണിയോടെ തുറക്കും.

*****************************

## മലയോര മേഖല-ഒ ആർ കേളു

മഴ കനക്കുന്ന സാഹചര്യത്തിൽ മലയോര മേഖലകളിൽ ആവശ്യമായ സൗകര്യങ്ങളൊരുക്കാൻ പട്ടികജാതി, പട്ടിക വർഗ്ഗ വികസന വകുപ്പ് മന്ത്രി ഒ.ആർ കേളു ഉദ്യോഗസ്ഥർക്ക് നിർദേശം നൽകി. മലയോര മേഖലകളിൽ മഴ കനത്തതോടെ പല സ്ഥലങ്ങളും ഒറ്റപ്പെടാനിടയുണ്ട്. ഈ സാഹചര്യത്തിൽ ബന്ധപ്പെട്ട ഓഫീസർമാരും പ്രമോട്ടർമാരും മേഖലകൾ സന്ദർശിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും മന്ത്രി നിർദ്ദേശിച്ചു.

RNUTVPM

*****************************

## സപ്ലൈകോ

സംസ്ഥാന സിവിൽ സപ്ലൈസ് കോർപറേഷന്, വിപണി ഇടപെടൽ പ്രവർത്തനങ്ങൾക്കായി 100 കോടി രൂപ അനുവദിച്ചതായി ധനമന്ത്രി കെ എൻ ബാലഗോപാൽ . അവശ്യ നിത്യോപയോഗ സാധനങ്ങൾ 35 ശതമാനം വരെ വില കുറച്ച് സപ്ലൈക്കോ സ്റ്റോറുകൾ വഴി വിതരണം ചെയ്യുന്നതിനാണ് സഹായം. ഓണത്തിനു മുന്നോടിയായി സാധനങ്ങൾ എത്തിക്കുന്ന

സപ്ലൈയർമാർക്ക് തുക നൽകുന്നതിനടക്കം ഈ തുക വിനിയോഗിക്കാനാകും.

*****************************

## വിഴിഞ്ഞം

വിഴിഞ്ഞം തുറമുഖത്ത് രണ്ടാമത്തെ ചരക്കു കപ്പലെത്തി. മറീൻ അസർ എന്ന ഫീഡർ കപ്പലാണ് കൊളംബോയിൽ നിന്ന് വിഴിഞ്ഞത്തേക്ക് എത്തിയത്. വിഴിഞ്ഞത്ത് എത്തിയ ആദ്യ കപ്പൽ സാൻ ഫെർണാണ്ടോ തുറമുഖം വിട്ടതിനു ശേഷമാണ് മറീൻ അസർ തുറമുഖത്ത് ബർത്തിങ് നടത്തിയത്. സാൻ ഫെർണാണ്ടോയിൽ നിന്ന് ഇറക്കിയ 1930 കണ്ടെയ്നറുകളിൽ 607 കണ്ടെയ്നറുകൾ തിരികെ കപ്പലിലേക്ക് കയറ്റി റീപൊസിഷൻ ചെയ്യുന്ന ജോലികളാണ് ഇനി നടക്കുക.

*****************************

## ഐ.ഡി.എസ്.എഫ്.എഫ്.കെ

RNU TVPM

കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി സംഘടിപ്പിക്കുന്ന 16മത് രാജ്യാന്തര, ഡോക്യുമെൻററി ഹ്രസ്വചിത്രമേളയുടെ ഡെലിഗേറ്റ് രജിസ്ട്രേഷൻ നാളെ ആരംഭിക്കും. ജൂലൈ 26 മുതൽ 31 വരെ തിരുവനന്തപുരം കൈരളി, ശ്രീ, നിള തിയേറ്ററുകളിലായാണ് മേള സംഘടിപ്പിക്കുന്നത്. പൊതു വിഭാഗത്തിന് 590 രൂപയും വിദ്യാർത്ഥികൾക്ക് 354 രൂപയുമാണ് ഡെലിഗേറ്റ് ഫീസ്.

*****************************

## ഓണത്തിനൊരുമുറം പച്ചക്കറി

കൃഷിവകുപ്പ് സംഘടിപ്പിക്കുന്ന ഓണത്തിനൊരുമുറം പച്ചക്കറി പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം ബുധനാഴ്ച

മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. സെക്രട്ടറിയേറ്റ് അങ്കണത്തിൽ നടക്കുന്ന ചടങ്ങിൽ കൃഷി മന്ത്രി ശ്രീ. പി. പ്രസാദ് അധ്യക്ഷത വഹിക്കും.

*****************************

## നെഹ്റുട്രോഫി

നെഹ്റു ട്രോഫിവള്ളംകളിക്ക് മുന്നോടിയായുള്ള ക്യാപ്റ്റൻസ് മീറ്റിംഗ് ഈ മാസം 29 ന് നടക്കും. ആലപ്പുഴ ജില്ലാ കളക്ടർ അലക്സ് വർഗ്ഗീസ് ഉദ്ഘാടനം നിർവഹിക്കും. ഈ വർഷം നെഹ്റു ട്രോഫി ജലോത്സവത്തിന് രജിസ്റ്റർ ചെയ്ത എല്ലാ ചുണ്ടൻ വള്ളങ്ങളുടെയും മറ്റ് കളി വള്ളങ്ങളുടെയും ക്യാപ്റ്റൻമാരും ലീഡിംഗ് ക്യാപ്റ്റൻമാരും യോഗത്തിൽ നിർബന്ധമായും പങ്കെടുക്കണം.

**************************************************************************************************

RNU TVPM